പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3067

20.12.2012ൽ
മറുപടിയ്ക്ക്

## ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. അച്ചുതൻ ;<br>ശ്രീ. ഹൈബി ഈഡൻ ;<br>ശ്രീ. ജോസഫ് വാഴക്കൻ ;<br>ശ്രീ. ലൂഡി ലൂയിസ് ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം, വിശദമാക്കുമോ ; | എ) ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലാബിന്റെ പ്രവർത്തനം വഴി കേരള ഭക്ഷ്യ വിപണിയിലുള്ള ഭക്ഷണപദാർത്ഥങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുക, ഭക്ഷ്യ സംസ്ക്കരണശാലകൾ, പ്രസാദ നിർമ്മാണ ശാലകൾ തുടങ്ങിയ ഭക്ഷ്യ വ്യവസായ സംരഭങ്ങളെ പരിശോധിച്ച് ഗുഡ് മാനുഫാക്ചറിങ്ങ് പ്രാക്ടീസ് (GMP), ഗുഡ് ഹൈജീൻ പ്രാക്ടീസ് (GHP), ISO 22000 ഫുഡ് സേഫ്ടി മാനേജ്മെന്റ് സിസ്റ്റംസ് (FSMS), എന്നീ നവീന ഭക്ഷ്യ സുരക്ഷാ രീതികൾ നടപ്പിലാക്കി ഭക്ഷ്യ സുരക്ഷയും പൊതു ജനാരോഗ്യവും ഉറപ്പാക്കുക എന്നിവയാണ് ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| ബി) ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഇവയെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ; | ബി) ഭക്ഷണ പദാർത്ഥങ്ങൾ പരിശോധിക്കുമ്പോൾ കാണുന്ന പോരായ്മകൾ പരിഹരിക്കാനുതകുന്ന നൂതന ഭക്ഷ്യ സുരക്ഷാ നടപടികൾ (GMP/GHP/FSMS) ഭക്ഷ്യ നിർമ്മാണശാലകളിൽ ഏർപ്പെടുത്തുക വഴി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| സി) ഇതിനായി എന്ത് തുക മുതൽ മുടക്കാനാണ് ഉദ്ദേശിക്കുന്നത് ;<br><br>ഡി) എത്ര ലബോറട്ടറികളാണ് ഈ വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ? | സി) യും ഡി) യും<br><br>സി. എഫ്. ആർ. ഡി യുടെ കീഴിൽ ഫുഡ് ക്വാളിറ്റി മോണിറ്ററിംഗ് ലബോറട്ടറിയോടനുബന്ധിച്ച് കോന്നിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുന്നതിനായി 2.90 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Beena

സെക്ഷൻ ഓഫീസർ